സി.പി.(3) 2025/2024

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 03-05-2024.

**സർക്കുലർ നം. 15/2024**

വിഷയം : സഹകരണ വകുപ്പ് - സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ 2023-2024 വർഷത്തെ ആഡിറ്റ് - കുടിശ്ശിക വായ്പ, പലിശ എന്നിവയ്ക്ക് ആഡിറ്റിൽ കരുതൽ വയ്ക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് - സംബന്ധിച്ച്

സൂചന :

1. സഹകരണ ആഡിറ്റ് മാനുവലിലെ അനുബന്ധം -2 ലെ സംശയാസ്പദവും കിട്ടാക്കടവുമായ മുതലുകളുടെ തരം തിരിവുകൾ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 40/2007 നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 34/2020 നമ്പർ സർക്കുലർ.
4. സഹകരണ സംഘം രജിസ്ട്രാറുടെ 37/2021 നമ്പർ സർക്കുലർ.
5. സഹകരണ സംഘം രജിസ്ട്രാറുടെ 32/2022 നമ്പർ സർക്കുലർ.
6. സഹകരണ സംഘം രജിസ്ട്രാറുടെ 33/2023 നമ്പർ സർക്കുലർ.

സഹകരണ സംഘങ്ങളുടെ സംശയാസ്പദവും കിട്ടാക്കടവുമായ വായ്പകളുടെ കുടിശ്ശികയുടെ കാലയളവ്, ജാമ്യത്തിന്റെ സ്വഭാവം എന്നിവ കണക്കിലെടുത്ത് ആഡിറ്റിൽ കരുതൽ വയ്ക്കേണ്ടത് സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത, വിശ്വാസ്യത എന്നിവ ഉറപ്പ് വരുത്തുന്നതിന് അത്യന്താപേക്ഷിതമാണ്.അപ്രകാരം സംശയാസ്പദവും കിട്ടാക്കടവുമായ വായ്പകളുടെ കുടിശ്ശികയ്ക്ക് കരുതൽ വയ്ക്കുന്നത് സംബന്ധിച്ച് 40/2007 നമ്പർ സർക്കുലർ നിർദേശം നൽകിയിരുന്നു.

എന്നാൽ സംഘങ്ങളുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുമ്പോൾ,കുടിശ്ശികയ്ക്ക് കരുതൽ വയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവുകൾ നൽകുന്നതിനായി സഹകാരികളും സഹകരണസംഘം ജീവനക്കാരുടെ സംഘടനകളും അപേക്ഷിച്ചിരിക്കുന്നതിന്റെ

അടിസ്ഥാനത്തിൽ 40/2007 നമ്പർ സർക്കുലറിലെ മാർഗനിർദേശങ്ങൾ ചുവടെ പറയും പ്രകാരം പുതുക്കി നിശ്ചയിക്കുന്നു.

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ എല്ലാ സഹകരണ സംഘങ്ങൾക്കും,എല്ലാത്തരം വായ്പകൾക്കും ടി വ്യവസ്ഥകൾ ബാധകമാക്കി കൊണ്ട് 2023-24 വർഷത്തെ ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്. ആഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥർ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1. 2023-2024 വർഷത്തെ ആഡിറ്റ് പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന എല്ലാ സഹകരണ സംഘങ്ങളും 40/2007 നമ്പർ സർക്കുലറിലെ മാർഗനിർദേശം പ്രകാരം കരുതൽ വയ്ക്കേണ്ടതാണ്.
2. സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കൺസോർഷ്യത്തിലേയ്ക്ക് സംഘങ്ങൾ നൽകുന്ന തുകയ്ക്കും റിസർവ്വ് വയ്ക്കേണ്ടതില്ല.
3. വിവിധ കടാശ്വാസകമ്മീഷനുകളുടെ അവാർഡ് പ്രകാരം സർക്കാരിൽ നിന്നും ലഭിക്കേണ്ട തുകയ്ക്കും സംഘം ഇളവ് ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ള തുകയ്ക്കും റിസർവ്വ് വയ്ക്കേണ്ടതില്ല.
4. ഉത്തേജന പലിശ ഇളവ് പദ്ധതിയിൽ ഉൾപ്പെടുത്തി പലിശ ഇളവിനായി ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ ശുപാർശ ചെയ്തിട്ടുള്ള ക്ലെയിം തുകയ്ക്ക് റിസർവ്വ് വയ്ക്കേണ്ടതില്ല.
5. 2023-2024 സാമ്പത്തിക വർഷത്തെ ആഡിറ്റിൽ വായ്പാ കുടിശ്ശികയ്ക്കും വായ്പയിൻ മേലുള്ള പലിശ കുടിശ്ശികയ്ക്കും 40/2007 നമ്പർ സർക്കുലർ പ്രകാരം കരുതൽ വയ്ക്കുന്നത് കൊണ്ട് മാത്രം 2023-2024 സാമ്പത്തിക വർഷം നഷ്ടം കാണിക്കുന്ന സംഘങ്ങൾക്ക് മാത്രം ചുവടെ പരാമർശിക്കും പ്രകാരം ഇളവുകൾ അനുവദിക്കേണ്ടതാണ്.
    - ആൾജാമ്യത്തിൽ നൽകിയിട്ടുള്ള 1 വർഷം മുതൽ 3 വർഷം വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് നിഷ്കർഷിച്ചിരുന്ന 10% കരുതൽ 7.5% ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.
    - വസ്തുജാമ്യത്തിൽ നൽകിയിട്ടുള്ള 3 വർഷം മുതൽ 6 വർഷം വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് നിലവിൽ നിഷ്കർഷിച്ചിരുന്ന 50% കരുതൽ 30 % ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.
    - ആൾജാമ്യത്തിൽ നൽകിയിട്ടുള്ള 3 വർഷം മുതൽ 6 വർഷം വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് നിഷ്കർഷിച്ചിരുന്ന 100% കരുതൽ 80% ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.

- കുടിശ്ശികപലിശയ്ക്ക് 100% കരുതൽ വയ്ക്കണമെന്ന് സൂചന (2) സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തെ അവസാനത്തെ 3 മാസത്തെ കുടിശ്ശിക പലിശയെ കരുതൽ വയ്ക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

(ഒപ്പ്)

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്.
4. എല്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
5. എല്ലാ സഹകരണസംഘം ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും.
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന) .
7. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും, (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
8. എഡിറ്റർ, സഹകരണ വീഥി (പ്രസിദ്ധീകരണത്തിന്).
9. വെബ് സൈറ്റ്.
10. സ്റ്റോക്ക് ഫയൽ.

//നിർദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.പി)